പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6422 08.07.2014-ൽ മറുപടിക്ക്

റൂട്ട് പെർമിറ്റ് നിബന്ധന

ചോദ്യം

ശ്രീമതി. കെ. എസ്. സലീഖ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | അവശ്യസർവ്വീസിൽപെടുന്നതും ദേശസാൽകൃത റൂട്ടുകളിൽ സർവ്വീസ് നടത്തുന്നതുമായ കെ.എസ്.ആർ.ടി.സി ബസ്സുകൾക്ക് റൂട്ട് പെർമിറ്റ് വേണമെന്ന നിബന്ധന എന്നാണ് ഈ സർക്കാർ പുറപ്പെടുവിച്ചത്; | (എ) | മോട്ടോർ വെഹിക്കിൾസ് ആക്റ്റ് അനുസരിച്ച് എല്ലാ ബസുകൾക്കും റൂട്ട് പെർമിറ്റ് ആവശ്യമാണ്. |
| (ബി) | പ്രസ്തുത ഉത്തരവനുസരിച്ച് ഓരോ റൂട്ടിലും പെർമിറ്റുള്ള ബസ്സുകൾ മാത്രമേ ഓടിക്കാനാവൂ എന്നതു നിമിത്തം ബസ്സുകൾക്ക് കേടുപാടുകളോ അറ്റകുറ്റപ്പണികളോ അപകടങ്ങളോ സംഭവിച്ചാൽ പ്രസ്തുത റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി സർവ്വീസ് നടത്താൻ കഴിയാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) യും (സി) യും | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>സ്പെയർ ബസ് ഉപയോഗിച്ച് സർവ്വീസ് നടത്തുവാൻ അനുമതിയുണ്ട്. |
| (സി) | എങ്കിൽ ഇതു പരിഹരിക്കുവാൻ പ്രസ്തുത നിബന്ധനയിൽ നിന്നും കെ.എസ്.ആർ.ടി.സി.-യെ ഒഴിവാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത നിബന്ധനകളുടെ അടിസ്ഥാനത്തിൽ തൊട്ടിൽപ്പാലം സബ് ഡിപ്പോയിലെ ബസ്സുകൾ ഉൾപ്പെടെ എത്ര കെ.എസ്.ആർ.ടി.സി സർവ്വീസുകളുടെ പേരിൽ മോട്ടോർവാഹനവകുപ്പ് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ഡി) | പെർമിറ്റിന്റെ പേരിൽ കെ.എസ്.ആർ.ടി.സി ബസുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുള്ളതായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടില്ല. |
| (ഇ) | അന്തർസംസ്ഥാന സർവ്വീസുകൾ ഉൾപ്പെടെ എത്ര തരം സർവ്വീസുകൾ കെ.എസ്.ആർ.ടി.സി നിലവിൽ നടത്തുന്നു എന്നു വ്യക്തമാക്കുമോ; | (ഇ) | കെ.എസ്.ആർ.ടി.സി ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ്, സൂപ്പർ എക്സ്പ്രസ്, സൂപ്പർ ഡീലക്സ്, വോൾവോ എന്നീ തരം സർവ്വീസുകൾ അന്തർ സംസ്ഥാന റൂട്ടുകളിലുൾപ്പെടെ നടത്തി വരുന്നുണ്ട്. |
| (എഫ്) | പ്രസ്തുത സർവ്വീസുകൾ നടത്തുന്ന കെ.എസ്.ആർ.ടി.സി ബസ്സുകളിൽ എത്ര എണ്ണത്തിന് റൂട്ട് പെർമിറ്റ് ഉണ്ടെന്ന് വ്യക്തമാക്കുമോ; | (എഫ്) യും (ജി) യും | കെ.എസ്.ആർ.ടി.സി.യുടെ എല്ലാ ബസ്സുകൾക്കും റൂട്ട് പെർമിറ്റുണ്ട്. |
| (ജി) | കെ.എസ്.ആർ.ടി.സി സർവ്വീസുകളെ തകർത്തേക്കാവുന്ന തരത്തിലുള്ള ഗതാഗത വകുപ്പിന്റെ പ്രസ്തുത പ്രവർത്തനങ്ങൾ തടയുവാനും കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കാനും എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ